LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പളം

15 (382) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും, ഈ ജീവനക്കാർക്ക് ഒരു മാസം ശമ്പളം നൽകുവാൻ എത്ര രൂപ ആവശ്യമായി വരുന്നുവെന്നും അറിയിക്കുമോ ;

(ബി) ജീവനക്കാർക്ക് ഒരു മാസം ശമ്പളം ഇനത്തിൽ നൽകേണ്ടി വരുന്ന തുകയിൽ ഓഫീസർ വിഭാഗത്തിനും, വർക്കർ വിഭാഗത്തിനും എത്ര രൂപ വീതം ആകെ ചെലവഴിക്കേണ്ടി വരുന്നുവെന്ന് പ്രത്യേകമായി ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 33190 ജീവനക്കാർ ജോലി ചെയ്യുന്നു. 2014-15 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കുപ്രകാരം ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ ഒരു മാസം ശരാശരി 149.66 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ഓഫീസർ വിഭാഗത്തിന് ഏകദേശം 43.81 കോടി രൂപയും വർക്കർ വിഭാഗത്തിനു 105.85 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യിലെ സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ്

16 (383) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ മേഖലയിൽ പ്രതിവർഷം "സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ്" സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം ജീവനക്കാർക്ക് എന്തെല്ലാം സാമ്പത്തിക ഗുണങ്ങൾ നേടിക്കൊടുത്തു ;

(സി) പ്രസ്തുത ലീവ് അനുവദിച്ചതുമൂലം കെ.എസ്.ഇ.ബി.-ക്ക് കഴിഞ്ഞ മൂന്ന് വർഷം എത്ര തുകയുടെ ചെലവ് ഉണ്ടായിട്ടുണ്ട് ; വിശദ വിവരം നൽകുമോ ;

(ഡി) പ്രസ്തുത ലീവ് അനുവദിച്ചു നൽകുന്നതുമൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടാകുന്ന സാമ്പത്തിക നേട്ടം എന്തെന്ന് വ്യക്തമാക്കുമോ ?